(സി) എത്ര രൂപ ഇതുവരെയായി ചെലവഴിച്ചിട്ടുണ്ട്;

(ഡി) ഒന്നാംഘട്ടത്തിൽ വിട്ടുപോയ ഭാഗങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനും പദ്ധതി വിപുലീകരിക്കുന്നതിനും നബാർഡിൽനിന്ന് ഫണ്ട് ലഭ്യമാക്കുന്നതിനായി വാട്ടർ അതോറിറ്റി സമർപ്പിച്ച പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ശുദ്ധീകരണശാല, ട്രാൻസ്മിഷൻ മെയിനുകൾ, ജല സംഭരണികൾ, പ്രധാന ജലവിതരണ കുഴലുകൾ എന്നിങ്ങനെ ഒന്നാം ഘട്ടത്തിൽ വിഭാവനം ചെയ്ത എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. എന്നിരുന്നാലും പ്രസ്തുത പദ്ധതിയുടെ രൂപകൽപ്പന അനുസരിച്ച് പദ്ധതി പ്രദേശത്ത് സ്ഥാപിക്കേണ്ട മൊത്തം 1220 കി.മീ. വിതരണ ശൃംഖലയിൽ 597 കി.മീ. ചെറിയ വ്യാസമുള്ള ജലവിതരണ കുഴലുകൾകൂടി സ്ഥാപിക്കേണ്ടതുണ്ട്. ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജൈക്ക ധനസഹായത്തോടെ പട്ടുവം പ്രദേശത്ത് നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയിൽ ഇപ്പോൾ 623 കി.മീ പൈപ്പ് ലൈൻ ഇട്ടിട്ടുണ്ട്.

(സി) ഇതുവരെ 334.35 കോടി രൂപ (ഡിസംബർ 2015 വരെ) ചെലവാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രോജക്ട് സർക്കാരിന്റെ പരിഗണനയിലാണ്.

മാവൂർ, ചാത്തമംഗലം പഞ്ചായത്തുകൾ

194(895) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമല്ലാത്ത മാവൂർ, ചാത്തമംഗലം പഞ്ചായത്തുകൾക്ക് നിലവിലുള്ള ഇളിമാട് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും വെള്ളം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സമിതിയെ നിശ്ചയിച്ചിരുന്നുവോ;

(ബി) എങ്കിൽ സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) റിപ്പോർട്ടിൽ എന്ത് നിർദ്ദേശമാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly